(സി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ പുതിയ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമില്ല.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

പുറക്കാട് ഐ.ടി. പാർക്ക്

194 (8030) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി, പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള തടസ്സം എന്താണ് ;

(ബി) ബയോഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച് പുറക്കാട് ഐ.ടി. പാർക്ക് സ്മൃതിവനത്തിൽ ലഭ്യമായ സ്ഥലത്തുതന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി വിവര സാങ്കേതിക വിദ്യ വകുപ്പിന് കൈമാറി ലഭിച്ച ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ചതുപ്പ് നിലമായതിനാൽ പുതുതായി നിലവിൽ വന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത പദ്ധതി തുടരുന്നത് നിയമവിധേയമല്ല എന്നതിനാലും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

അട്ടപ്പാടി കിടപ്പാടം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട്

195 (8031) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പ്രഖ്യാപിച്ച പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ആദിവാസികൾക്ക് നൽകിയതായി രേഖയുണ്ടാക്കി വൻവെട്ടിപ്പ് നടത്തുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിടപ്പാടം ഇല്ലാത്ത ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടത്തിയതായ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അട്ടപ്പാടിയിൽ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം അന്വേഷണം നടക്കുകയുണ്ടായി ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ച് നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനങ്ങൾ

196 (8032) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ കാരണം പ്രഖ്യാപിച്ച പദ്ധതികൾ ആദിവാസികൾക്ക് ഗുണപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസി മേഖലയിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഭൂരിഭാഗം കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും പ്രസ്തുത മേഖലയിലുള്ളവർക്ക് ഉപകാരപ്രദമാകുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly